**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് -** ഇ.എം.എസ് ഭവന പദ്ധതി - വർദ്ധിപ്പിച്ച ധനസഹായം നൽകുന്നതിന് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് വേങ്ങൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ) നം.3143/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി :19/11/2016.**

---

**പരാമർശം -** 1. സ.ഉ(എം,എസ്) നം.52/2012/തസ്വഭവ തീയതി 27.02.2012.
2. സ.ഉ (എം.എസ്) നം. 90/2013/തസ്വഭവ. തീയതി 14.03.2013
3. വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2015-ലെ എ 3-2449/15 നമ്പർ കത്ത്
4. ശ്രീമതി. ലിഗി സന്തോഷ് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.28923/2015.
5. ബഹു. ഹൈക്കോടതിയുടെ 05.07.16-ലെ വിധിന്യായം.

## <u>ഉത്തരവ്</u>

01.04.2011-ന് ശേഷം എഗ്രിമെന്റ് വച്ച ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച ധനസഹായം നൽകുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ആവശ്യത്തിന് തുക ലഭ്യമല്ലാത്തതിനാൽ മേൽ പഞ്ചായത്തിലെ ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം പഞ്ചായത്ത് സക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

എന്നാൽ വർദ്ധിപ്പിച്ച ധനസഹായം ലഭിക്കാൻ കാലതാമസം നേരിട്ടപ്പോൾ ഗുണഭോക്താക്കൾ പരാമർശം 4 പ്രകാരം ബഹ. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു.

മേൽ റിട്ട് പെറ്റീഷൻ പരിഗണിച്ച ബഹു. ഹൈക്കോടതി, പരാമർശം 3 ലെ കത്ത് പരിഗണിച്ച്, മൂന്ന് മാസത്തിനകം സർക്കാർ തീരുമാനം കൈക്കൊള്ളുന്നതിനായി പരാമർശം 5 പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വർദ്ധിപ്പിച്ച ധനസഹായത്തിന് അർഹതയുള്ള 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ആവശ്യമായ 22,67,500/- (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തിഏഴായിരത്തി അഞ്ഞൂറ്) രൂപ ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പരാമർശം 2 ലെ നിബന്ധനകൾക്ക് വിധേയമായി വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മുഴുവൻ ധനസഹായവും കൈപ്പറ്റുന്ന ഗുണഭോക്തക്കൾ, വീട് നിർമ്മാണത്തിന്, അംഗീകരിച്ച ഡിസൈൻ പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് വീട് പണി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്

അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമാർശം 5 ലെ വിധിന്യായം നടപ്പിൽ വരുത്തിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

ശ്രീമതി. ലിഗി സന്തോഷ് w/o സന്തോഷ് മാത്യൂ, കിഴക്കോടൻ ഹൗസ്, വേങ്ങൂർ പി.ഒ. കുറുപ്പംപടി, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with CL)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ